പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 3947 | 12/12/2018 ൽ മറുപടി<br>നല്കേണ്ടത്. |

## മായം ചേർത്ത വെളിച്ചെണ്ണ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി. കെ. സി. മമ്മത് കോയ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | വിവിധ ബ്രാന്റുകളിൽപ്പെട്ട മായം ചേർത്ത വെളിച്ചെണ്ണ വിപണിയിൽ നിന്നും പിടിച്ചെടുത്തത് സംബന്ധിച്ച എത്ര റിപ്പോർട്ടുകൾ ഉണ്ടായി; ഇത്തരത്തിൽ മായം ചേർത്ത വെളിച്ചണ്ണ വിപണിയിൽ എത്തുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | എ) | വെളിച്ചെണ്ണയിൽ മായം കലർത്തുന്നത് കണ്ടെത്തുന്നതിനായി മാത്രം ഭക്ഷ്യസുരക്ഷാ വകുപ്പ് സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് പരിശോധനകൾ നടത്തിയിട്ടുണ്ട്. വെളിച്ചെണ്ണയുടെ ഉൽപാദനവുമായി ബന്ധപ്പെട്ട് അസംസ്കൃത വസ്തുക്കൾ മുതൽ എണ്ണ ഉൽപാദനം, സംഭരണം, വിതരണം, വിപണനം തുടങ്ങി എല്ലാ മേഖലകളിലും നിരന്തരം പരിശോധനകൾ നടത്തുന്നുണ്ട്. 2018 ൽ മാത്രം 96 ബ്രാൻഡ് മായം കലർന്ന വെളിച്ചെണ്ണ കേരളത്തിൽ ഭക്ഷ്യസുരക്ഷാ കമ്മീഷണർ നിരോധിച്ചിട്ടുണ്ട്. |
| ബി) | വെളിച്ചെണ്ണയിലെ മായം പരിശോധിക്കാൻ ജില്ലകളിൽ സംവിധാനമുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെ; | | ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ വെളിച്ചെണ്ണയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. |
| സി) | ഭക്ഷ്യ വസ്തുക്കളിലെ മായം പരിശോധിക്കാനുള്ള സംവിധാനം ജില്ലാതലത്തിൽ (ലാബ് ഉൾപ്പെടെ) സജ്ജമാക്കുമോ? | | നിലവിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലുള്ള അനലിറ്റിക്കൽ ലാബുകളിൽ ഭക്ഷ്യവസ്തുക്കളിലെ മായം പരിശോധിക്കുന്നതിനുള്ള സംവി |

| | | | |
|---|---|---|---|
| | | | ധാനം നിലവിലുണ്ട്. കൂടാതെ പത്തനം തിട്ടയിലെ ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബിൽ ശബരിമല ക്ഷേത്രവുമായി ബന്ധപ്പെട്ട സാമ്പിളുകളും, കുടിവെള്ള സാമ്പിളുകളും പരിശോധിക്കുന്നതിനുള്ള സംവിധാനമുണ്ട്.<br><br>കണ്ണൂർ ജില്ലയിൽ പുതുതായി അനലിറ്റിക്കൽ ലാബ് സ്ഥാപിക്കുന്നതിനായി 2018-19 സാമ്പത്തിക വർഷം 3.3 കോടി രൂപ അനുവദിക്കുകയും പ്രസ്തുത ലാബ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുമുണ്ട്. എല്ലാ ജില്ലാ തലത്തിലും ഇത്തരം ലാബുകൾ ആരംഭിക്കുന്ന പദ്ധതി ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ